പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 903 | 12-12-2012-ൽ മറുപടിക്ക്

കറുകറ്റി-മൂക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകറ്റി-മൂക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസം എന്തെന്ന് വിശദമാക്കുമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകറ്റി-മൂക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതിക്ക് വേണ്ടി ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് ടി പഞ്ചായത്ത് കൈമാറിയ 80 സെന്റ് ഭൂമിയിൽ 18 സെന്റ് ഭൂമിയെ സംബന്ധിച്ച ഉടമസ്ഥാവകാശ തർക്കം ബഹു. ആലുവ മുനിസിഫ് കോടതിയുടെ പരിഗണനയിലാണ് ( O.S.നം. 181/2010). കേസ്സ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമാണ്.<br><br>ശുദ്ധീകരണ ശാലയിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനും ശുദ്ധീകരണ ശാലയിൽ നിന്നും ഗ്രാവിറ്റി മെയിൻ പൈപ്പ് 2 എണ്ണം സ്ഥാപിക്കുന്നതിനും പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | റോഡിനോട് ചേർന്ന് 2.5 മീറ്റർ വീതിയിൽ അധികമായി വേണ്ടിവരുന്ന സ്ഥലം വിട്ട് കിട്ടാത്തതിനാൽ 250 മീറ്റർ നീളത്തിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബ) | മേൽ പ്രസ്താവിച്ച തടസ്സങ്ങൾ മാറ്റി ക്കിട്ടുന്ന മുറയ്ക്ക് സമയബന്ധിതമായി പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ